# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2430 — 19.06.2013-ൽ മറുപടിയ്ക്ക്

## ഭൂഗർഭ ജലം സംരക്ഷിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഭൂഗർഭ ജലം സംരക്ഷിക്കുന്നതിന് നടപ്പാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ; | എ) സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിന് ഭൂജല വകുപ്പ് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

1) ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും

സംസ്ഥാനത്ത് ഭൂജല സംരക്ഷണത്തിനും സംപോഷണത്തിനും വേണ്ടി ജല ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ തടയണകൾ, അടിയണകൾ, കിണർ റീചാർജ് എന്നീ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

2) ഭൂജല നിയന്ത്രണവും ക്രമീകരണവും

2002-ൽ നിലവിൽ വന്ന ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ടിന്റെ ഫലപ്രദമായ നടപ്പാക്കലിനായി വകുപ്പ് വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഭൂജല ശോഷണം നേരിടുന്ന ബ്ലോക്കുകളിൽ ബോധവൽക്കരണ ക്ലാസുകളും വിവിധ ജല സംരക്ഷണ അവബോധ സെമിനാറുകളും നടത്തുക, ബോധവൽക്കരണത്തിനായി വിവിധതരം ബോർഡുകൾ സ്ഥാപിക്കുക,

കാർഷികമേളകളും മറ്റ് ജനപങ്കാളിത്തമുള്ള വിവിധതരം പരിപാടികളിൽ വകുപ്പ് പങ്കെടുക്കുക, ലഘുലേഖ വിതരണം ചെയ്യുക, അവബോധ ക്ലാസ്സുകൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കുക എന്നിവ നടത്തി വരുന്നു. വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ് എന്ന വ്യവസ്ഥ ഈ ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബി) കൂറ്റൻ കെട്ടിടങ്ങളും ഫ്ളാറ്റുകളും ഭൂഗർഭ ജലസമ്പത്തിനെ ചൂഷണം ചെയ്യുന്നത് തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

ബി) 2002-ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതനുസരിച്ച് ഭൂഗർഭ ജലചൂഷണം സംബന്ധിച്ച പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ പഠനങ്ങൾ നടത്തി (പമ്പ് ടെസ്റ്റ്) ഉപയോഗിക്കാവുന്ന പരമാവധി ജലത്തിന്റെ അളവ് നിർണ്ണയിക്കുകയും അതനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നു. വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ വാണിജ്യാവശ്യങ്ങൾക്കുവേണ്ടി ഭൂജലം ഉപയോഗിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്.

സി) ഇത്തരം നിർമ്മാണ പ്രവർത്തനങ്ങളും ജല വിനിയോഗം കൂടുതലുള്ള വ്യവസായശാലകളും പ്രവർത്തിക്കുന്ന പ്രദേശങ്ങളിൽ ഭൂഗർഭജല ചൂഷണം നടക്കുന്നത് സംബന്ധിച്ച് നടക്കുന്ന ജനകീയ

സി) അമിത ജലചൂഷണം സംബന്ധിച്ചുള്ള പരാതികളിന്മേൽ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002-ലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ മലമ്പുഴ

പ്രക്ഷോഭങ്ങളിൽ വകുപ്പ് എടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ബ്ലോക്കിലെ പെപ്സി കമ്പിനിയുടെ ജല ഉപഭോഗം നിയന്ത്രിക്കുന്നതിനായി പ്രസ്തുത ആക്ട് പ്രകാരമുള്ള നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ ഇത്തരം പ്രക്ഷോഭങ്ങൾക്കാധാരമായ പരാതികൾ ലഭിക്കുന്നതനുസരിച്ച് പഠനങ്ങൾ നടത്തി വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ